(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗമാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി ടെണ്ടർചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പി.ഡബ്ല്യു.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തുകളിലെ കെട്ടിട നികുതി

233 (4276) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിലെ വീട്ടുകരം എത്രയാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(അ) നമ്പർ 20/2011 ഉത്തരവുപ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതോടൊപ്പം ഓരോ വിഭാഗത്തിലുംപെട്ട കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിശ്ചയിച്ച് 14-1-2011-ലെ സ.ഉ.(അ) നമ്പർ 19/2011 ഉത്തരവുപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 24-2-2015-ലെ സ.ഉ. (അ) നമ്പർ 36/2015/ത.സ്വ.ഭ.വ. പ്രകാരം നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് ഭേദഗതി വിജ്ഞാപനവും ഉപയോഗക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളും ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അതത് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്നു. കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ, ഉപയോഗക്രമത്തിനനുസരിച്ച് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകൊണ്ട് ഗുണിച്ച് കിട്ടുന്ന തുക, അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ചത്, ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയായി കണക്കാക്കുന്നു. അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിനുശേഷം കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ളവഴി സൗകര്യത്തിന്റെ ലഭ്യത, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 6-ാം ചട്ടത്തിൻ കീഴിലുള്ള പട്ടികകളിൽ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡങ്ങൾക്കനുസരിച്ചും ശതമാന കണക്കിലും അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതും അപ്രകാരം ഇളവുകളും വർദ്ധനവുകളും വരുത്തിയ പ്രകാരമുള്ള തുക തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച് കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കുന്നു.

(ബി) 14-1-2011-ലെ സ.ഉ.(അ) നമ്പർ 20/2011 ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. അതനുസരിച്ച് 14-1-2011 മുതൽ നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് പുതിയ നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് 1-4-2013 മുതൽ മാത്രമേ പുതിയ നിരക്ക് ബാധകമാക്കിയിട്ടുള്ളൂ.

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റം

234 (T4277) ശ്രീ. കെ. വി. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെ ജീവനക്കാരെ മറ്റ് പഞ്ചായത്തുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് സർക്കാർ പ്രത്യേകം ഉത്തരവ് നൽകിയിരുന്നെങ്കിലും ചിലയിടങ്ങളിൽ ഫുൾ ടൈം സ്വീപ്പർ, പാർട്ട്ടൈം സ്വീപ്പർ തസ്തികകളിലെ ജീവനക്കാർക്ക് മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥലംമാറ്റം നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ സൃഷ്ടീകരണം ആവശ്യപ്പെട്ട പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ഇത്തരം ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകുന്നതിന് ഉത്തരവ് നൽകാമോ ?

ഉത്തരം

(എ) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെ കണ്ടിജന്റ് ജീവനക്കാരെ മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥലം മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

"T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly